# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ - 2556 | 12.03.2018-ൽ<br>മറുപടിയ്ക്ക് |

## മണ്ണാറക്കുളഞ്ഞി- ചാലക്കയം ശബരിമല പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മണ്ണാറക്കുളഞ്ഞി - ചാലക്കയം ശബരിമല പാത എന്നാണ് അവസാനമായി ബി.എം. ബി.സി. നിലവാരത്തിൽ പുനരുദ്ധരിച്ചത്; എത്ര വർഷത്തെ ഗാരന്റിയാണ് കരാർ ചെയ്തിരിക്കുന്നത്; എന്നാണ് കരാർ കാലാവധി അവസാനിക്കുന്നത്; | (എ) മണ്ണാറക്കുളഞ്ഞി - ചാലക്കയം ശബരിമല പാതയുടെ 0/000 മുതൽ 32/000 വരെ 26.03.2015-ലും, 32/000 മുതൽ 53/480 വരെ 08.01.2014-ലുമാണ് ബി.എം. & ബി.സി. നിലവാരത്തിൽ 18 മാസത്തെ ഗാരന്റി പീരിയിഡോടെ പൂർത്തീകരിച്ചത്. 07.01.2019-ലും, 25.03.2020-ലുമാണ് കരാർ കാലാവധി അവസാനിക്കുന്നത്. |
| (ബി) പുനരുദ്ധാരണം കഴിഞ്ഞപ്പോൾ മുതൽ റോഡിന്റെ പല ഭാഗങ്ങളും പൊളിഞ്ഞു തുടങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ;<br><br>(സി) റോഡ് ഇത്തരത്തിൽ തകരാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇതിനുമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) & (സി) പുനഃരുദ്ധാരണം കഴിഞ്ഞപ്പോൾ ടി പ്രവൃത്തിയെ കുറിച്ച് പരാതികൾ ഉയർന്നു വരികയും, ആയത് പൊതു മരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി ഗുരുതരമായ ക്രമക്കേടുകളോ വൈകല്യങ്ങളോ ഇല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ തകരാറുകൾ കരാറുകാരനെ കൊണ്ട് തന്നെ മെയിന്റനൻസ് കരാറിൽ ഉൾപ്പെടുത്തി ശരിയാക്കിയിട്ടുണ്ട്. ടി റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടിയത് മൂലം പൊതുമരാമത്ത് വകുപ്പിന് ചെലവായ തുക ജലനിധിയോട് ആവശ്യപ്പെടുകയും, തകരാറുകൾ ഉണ്ടായതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടി ആയത് ആവർത്തിക്കാതിരിക്കാൻ കർശനമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ